(ബി) ശിക്ഷാ പ്രതി ബെന്നി ജയിലിൽ മരണപ്പെട്ടതിനെത്തുടർന്ന് വകുപ്പിലെ അന്വേഷണം മദ്ധ്യമേഖലാ ഡി.ഐ.ജി. നടത്തി റിപ്പോർട്ട് തരികയും അതിൻമേൽ 10-4-2003-ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ജയിലർ ശ്രീ. പി. കെ. സുധാകരൻ, വാർഡർമാരായ ശ്രീ. എൻ. ഉസ്മാൻ, ശ്രീ. എം. രാജേഷ് എന്നിവർ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടി ജയിലുദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. താമസംവിനാ ഇത് സംബന്ധിച്ച് വിശദമായ എൻക്വയറി നടത്തുമ്പോൾ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണനയ്ക്കെടുത്ത് അന്വേഷണ വിധേയമാക്കുന്നതാണ്.

സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഓഫീസും സാഹോദര്യ പ്രദർശിനി വായനശാലയും

87 (1556) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പാലാരിവട്ടത്ത് 65 വർഷമായി പ്രവർത്തിച്ചുവന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഓഫീസും സാഹോദര്യ പ്രദർശിനി വായനശാലയും ഇപ്പോൾ പ്രവർത്തിപ്പിക്കുവാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ബി) പുസ്തകങ്ങളും മറ്റ് വായനശാല ഉപകരണങ്ങളും ചാക്കിൽക്കെട്ടി അജ്ഞാതമായ സ്ഥലത്ത് ഒളിപ്പിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ നടപടിയെക്കുറിച്ച് അന്വേഷണങ്ങൾ നടത്തുമോ ;

(സി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) രാജഭരണ കാലത്ത് കരം ഒഴിവാക്കി നല്കിയ പ്രസ്തുത ഭൂമി കൈയടക്കാനുള്ള നടപടിക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു ഒ.പി. നിലവിലുള്ളതിനാൽ കോടതി തീരുമാനം വരുന്നതുവരെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

(ബി) ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന (ഒ.പി.നം.14002/2003) കേസ്സിൽ സ്കൗട്ട്സ് മാസ്റ്റർ ഓപ്പൺ സ്കൗട്ട് ഗ്രൂപ്പ്, സംസ്ഥാന ഗവൺമെന്റ്, ഡിസ്ട്രിക്ട് കളക്ടർ, എറണാകുളം, തഹസിൽദാർ, എറണാകുളം, പോലീസ് കമ്മീഷണർ, ഹോം സെക്രട്ടറി, കമ്മീഷണർ കോർപ്പറേഷൻ എറണാകുളം മുതൽപേരെ പ്രതി ചേർത്ത് കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അന്തിമ തീരുമാനമനുസരിച്ച് മാത്രമേ നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. ടി കേസിലെ ഉത്തരവൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഹൈക്കോടതി ഉത്തരവിനെ അടിസ്ഥാനമാക്കി മാത്രമേ നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

കരിപ്പൂർ എയർപോർട്ടിൽ യൂസേഴ്സ് ഫീ-പിരിക്കുന്നത് അവസാനിപ്പിക്കാൻ നടപടി

88 (1557) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് എയർപോർട്ടിന്റെ വികസനത്തിനായി മുഖ്യമന്ത്രി ചെയർമാനായി മിയാഡ്സിന്റെ പേരിൽ ഒരു കമ്മിറ്റി നിലവിലുണ്ടോ ;

(ബി) അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) വിദേശയാത്രക്കാരിൽനിന്നും 500 രൂപ വച്ച് യൂസേഴ്സ് ഫീ പിരിക്കുന്നത് ഏത് ഏജൻസി മുഖേനയാണ് ;

(ഡി) ഇത് ആർക്ക് വേണ്ടി, എന്തിന് വേണ്ടിയാണ് പിരിക്കുന്നത് ;

(ഇ) റൺവേ വികസനത്തിനും വേണ്ടി ഹഡ്കോയിൽനിന്നും വായ്പയെടുത്തത് ആരാണ് ; ഇത് അടച്ചു തീർക്കാൻ ആരാണ് പണം നൽകേണ്ടത് ; ഇതിന്റെ പലിശയടയ്ക്കാൻ മാത്രമാണോ യൂസേഴ്സ് ഫീസ് പിരിക്കുന്നത് ; എങ്കിൽ വായ്പാസംഖ്യ എയർപോർട്ട് അതോറിറ്റിയാണോ തിരിച്ചടയ്ക്കേണ്ടത് ; അല്ലെങ്കിൽ മറ്റാരാണ് ; വായ്പയെടുത്ത സംഖ്യ തിരിച്ചടയ്ക്കാൻ ഏതെങ്കിലും അതോറിറ്റിയോ ഏജൻസിയോ പണം നൽകാൻ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും നിബന്ധനകൾ അവർ പറഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് നിബന്ധനകൾ ; ഈ നിബന്ധന പാലിക്കാനുള്ള തടസ്സം എന്താണ് ; ഇല്ലെങ്കിൽ അതിനുള്ള വല്ല ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ ;

(എഫ്) യൂസേഴ്സ് ഫീ ഇനത്തിൽ മാസം എത്ര രൂപ വീതമാണ് പിരിഞ്ഞ് കിട്ടുന്നത് ;

(ജി) ഇതുവരെയായി എത്ര രൂപ പിരിച്ചെടുത്തു ;

(എച്ച്) പിരിച്ച സംഖ്യ എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത് ;

(ഐ) ഇതുവരെ ഈ സംഖ്യയിൽനിന്നും ഏതെങ്കിലും ഇനത്തിൽ ചെലവു വന്നിട്ടുണ്ടോ ;

(ജെ) ഉണ്ടെങ്കിൽ എത്ര രൂപ ; എന്തിന് വേണ്ടിയാണ് ഇത് ചെലവഴിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly